ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി റഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്ങുമായി ഉഭയകക്ഷി ചർച്ച നടത്തും. ബ്രിക്സ് സമ്മേളനങ്ങളെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will hold bilateral talks with Chinese President Xi Jinping on the sidelines of the BRICS summit in Russia today. PM will also address BRICS sessions.**

2. റഷ്യ-യുക്രെൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന് ഇന്ത്യ. റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുതിനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

   **India suggested peaceful resolution of Russia-Ukraine conflict. Prime Minister met Russian President Vladimir Putin.**

3. കർതാർപൂർ സാഹിബ് ഇടനാഴി സംബന്ധിച്ച കരാറിന്റെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ധാരണ.

   **India and Pakistan have agreed to extend the validity of the Agreement on Sri Kartarpur Sahib Corridor for a further period of five years.**

4. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. നാമനിർദ്ദേശ പത്രിക സമർപ്പണം വെള്ളിയാഴ്ച വരെ.

**The by-election campaign in Kerala is in full swing. The period for submission of nomination will end Friday**

5. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' നാളെ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിൽ കനത്ത ജാഗ്രത.

**The Indian Meteorological Department said that the extreme cyclone 'Dana' formed in the Bay of Bengal will touch the coast tomorrow. High alert in Odisha and West Bengal states**

6. 2026 കോമൺവെൽത്ത് ഗെയിംസ് 10 ഇനങ്ങളായി ചുരുക്കി. ഇന്ത്യ- ജർമ്മനി ഹോക്കി പരമ്പരയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

**2026 Commonwealth Games reduced to 10 events. India-Germany hockey series to begin today in New Delhi.**

***************************************

## FUR. REV. FS BRIEFING - PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്ങുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. റഷ്യയിലെ കസാനിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെയാണ് കൂടിക്കാഴ്ച. യഥാർത്ഥ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള പ്രദേശങ്ങളിലെ നിരീക്ഷണ ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരു രാജ്യങ്ങളും ധാരണയിലെത്തിയതിനാൽ ഈ കൂടിക്കാഴ്ച നിർണായകമാണ്. ഇരു രാജ്യങ്ങളിലെയും പ്രധാനമന്ത്രിമാർ തമ്മിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നടക്കുന്ന ആദ്യത്തെ ഘടനാപരമായ

കൂടിക്കാഴ്ചയാണിത്. ബ്രിക്സ് സമ്മേളനങ്ങളെയും ശ്രീ. മോദി ഇന്ന് അഭിസംബോധന ചെയ്യും.

*******************************************

## PM- BRICS (INTRO)

16-ാമത് ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമർ പുതിനും ഇന്നലെ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-റഷ്യ സൗഹൃദത്തിന്റെ പ്രതിഫലനമാണ് തന്റെ റഷ്യ സന്ദർശനമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കസാനിൽ പുതിയ കോൺസുലേറ്റ് തുറക്കുന്നതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഉച്ചകോടിക്കായി കസാൻ നഗരം സന്ദർശിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

കസാനിൽ കോൺസുലേറ്റ് തുറക്കാനുള്ള ഇന്ത്യയുടെ തീരുമാനത്തെ റഷ്യൻ പ്രസിഡൻറ് സ്വാഗതം ചെയ്തു. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് ശ്രീ മോദി കൂടിക്കാഴ്ചയിൽ ആവർത്തിച്ചു. ഇന്ത്യ- റഷ്യ ഉഭയകക്ഷി സഹകരണം സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി റൺധീർ ജെയ്സ്വാൾ പറഞ്ഞു. കസാനിലെ ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

*******************************************

## INDIA - PAK KARTARPUR

ശ്രീ കർതാർപൂർ സാഹിബ് ഇടനാഴിയിലെ കരാറിന്റെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ ഇന്ത്യയും പാകിസ്ഥാനും തീരുമാനിച്ചു. ഇന്ത്യയിൽ നിന്നുള്ള തീർഥാടകർക്ക്

പാക്കിസ്ഥാനിലെ നരോവലിലെ, ദർബാർ സാഹിബ് ഗുരുദ്വാരയിലേക്കുള്ള സന്ദർശനം സുഗമമാക്കുന്നതിന്, 2019 ഒക്ടോബർ 24 നാണ് 5 വർഷത്തേക്കുള്ള കരാർ ഒപ്പുവച്ചത്. തീർഥാടകരുടെ അഭ്യർത്ഥന കണക്കിലെടുത്ത് പാകിസ്ഥാൻ ഈടാക്കുന്ന സർവീസ് ചാർജ് ഒഴിവാക്കണമെന്നും ഇന്ത്യ അഭ്യർത്ഥിച്ചു.

***********************************

## RAJNATH- INDIA-SINGAPORE

നിർമ്മിതബുദ്ധിയുൾപ്പെടെയുള്ള മേഖലകളിലെ വ്യവസായ സഹകരണം മെച്ചപ്പെടുത്താൻ ഇന്ത്യയും സിംഗപ്പൂരും തമ്മിൽ ധാരണയായി. സൈബർ മേഖലയിലെ സുരക്ഷ വർധിപ്പിക്കുന്നതിനും പ്രതിരോധ സഹകരണം ശക്തിപ്പെടുത്താനും സംയുക്ത സൈനിക പരിശീലനം സംബന്ധിച്ച ഉഭയകക്ഷി കരാർ അടുത്ത അഞ്ച് വർഷത്തേക്ക് നീട്ടാനും തീരുമാനമായി. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണത്തിലാണ് തീരുമാനം. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം സംബന്ധിച്ച് ചർച്ച ചെയ്തതായി ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

***********************************

## ARMY CHIEF-INDIA CHINA

ഇന്ത്യ - ചൈന അതിർത്തിയിലെ സേനാ പിന്മാറ്റം മുന്നോട്ടു കൊണ്ട് പോകുന്നതിന് ഇരുരാജ്യങ്ങളും തമ്മിലുള്ള വിശ്വാസം പുനഃസ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ പട്രോളിംഗ് ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിലുള്ള സമീപകാല കരാറിനെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം, മേഖലയിലെ സാഹചര്യം പൂർവ്വസ്ഥിതിയിലാക്കുകയാണ് ഇന്ത്യയുടെ പ്രഥമ ലക്ഷ്യമെന്നും വ്യക്തമാക്കി.

*********************************

## IMF – INDIA GDP

ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ ആഭ്യന്തര ഉത്പാദന വളർച്ച ഏഴ് ശതമാനമായിരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി പ്രവചനം. അടുത്ത സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ആഭ്യന്തര ഉത്പാദന വളർച്ച 6.5 ശതമാനമായിരിക്കുമെന്നും വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിൽ ഐഎംഎഫ് പ്രവചിച്ചു.

*********************************

## BY ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി വെള്ളിയാഴ്ച അവസാനിക്കും. വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ UDF സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിക്കും. ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും നാളെ പത്രിക നൽകും. വയനാട്ടിലും, നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും മുന്നണികളുടെ പ്രചാരണ പരിപാടികൾ ഊർജിതമായി തുടരുകയാണ്. ചേലക്കരയിൽ എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് യുഡിഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസ്, NDA സ്ഥാനാർത്ഥി കെ. ബാലകൃഷ്ണൻ എന്നിവരും ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. അടുത്ത മാസം 13-നാണ് മൂന്നിടത്തും വോട്ടെടുപ്പ്.

*********************************

## ODISHA-CYCLONIC

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡീഷ തീരത്തേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുഴലിക്കാറ്റ് വ്യാഴാഴ്ച രാത്രിയോടെയോ വെള്ളിയാഴ്ചയോ 120 കിലോമീറ്റർ വേഗതയിൽ കര തൊടുമെന്നാണ് പ്രവചനം. ഒഡീഷ,

പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളെയാണ് കൂടുതലായി ബാധിക്കുക. ഒഡീഷയിൽ 14 ജില്ലകളിലെ എല്ലാ സ്കൂളുകൾക്കും മൂന്ന് ദിവസത്തേക്ക് അവധി നൽകി. നേരത്തെ നിശ്ചയിച്ച എല്ലാ പരീക്ഷകളും റദ്ദാക്കി. തീരദേശ ജില്ലകളിൽ NDRF , കര-നാവിക സേന, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്.

*************************************

## GUJARAT - AMIT SHAH - CIVIL DEFENCE

അടുത്ത നാലു മാസത്തിൽ സിവിൽ ഡിഫൻസ്, ഹോം ഗാർഡ് എന്നിവയുടെ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. 14-ാമത് അഖിലേന്ത്യ സിവിൽ ഡിഫൻസ് ആൻറ് ഹോം ഗാർഡ് കോൺഫറൻസിനെ ഗുജറാത്തിലെ ഗാന്ധിനഗറിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ നേരിടുന്നതിന് സേനയെ ആധുനികവത്കരിക്കേണ്ടത് അനിവാര്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

സിവിൽ ഡിഫൻസ്, ഹോം ഗാർഡ് എന്നിവയിൽ നിന്നുള്ള 60 മുതിർന്ന ഉദ്യോഗസ്ഥരുൾപ്പെടെ 1,200 പേർ പരിപാടിയിൽ പങ്കെടുത്തു.

*************************************

## WEST NILE FEVER-KANNUR

കണ്ണൂർ ജില്ലയിലെ ചെങ്ങളായിയിൽ വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൊതുക് നിവാരണ പ്രവർത്തനങ്ങളും ബോധവൽക്കരണ നടപടികളും ഊർജ്ജിതമാക്കാൻ തീരുമാനം. വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത കുട്ടിയുടെ വീട് ജില്ലാ സർവൈലൻസ് ഓഫീസർ കെ.സി സച്ചിന്റെ നേതൃത്വത്തിലുള്ള സംഘംസന്ദർശിച്ചു. കൊതുകിന്റെ ഉറവിടങ്ങൾ

കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താൻ നിർദേശം നൽകിയിട്ടുണ്ട്

******************************************

## 2026 COMMONWEALTH GAMES

2026 കോമൺവെൽത്ത് ഗെയിംസിൽ നിന്ന് ഹോക്കി, ബാഡ്മിൻറൺ, ഗുസ്തി, സ്ക്വാഷ്, ഷൂട്ടിങ് തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കാൻ സംഘാടക സമിതി തീരുമാനിച്ചു. അടുത്ത ഗെയിംസിൽ 10 ഇനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നും സംഘാടകർ പ്രസ്താവനയിൽ അറിയിച്ചു. ചെലവു ചുരുക്കലിന്റെയും സംഘാടനത്തിലെ അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന്റെയും ഇനങ്ങളുടെ വൈവിധ്യം ഉറപ്പാക്കുന്നതിന്റെയും ഭാഗമായാണ് ഇനങ്ങൾ വെട്ടിച്ചുരുക്കിയതെന്നും സംഘാടകർ അറിയിച്ചു. 2026 ജൂലൈ 23 മുതൽ ഓഗസ്റ്റ് രണ്ട് വരെ സ്കോട്ട്ലാൻഡിലെ ഗ്ലാസ്ഗോയിലാണ് 23-ാമത് കോമൺവെൽത്ത് ഗെയിംസ് നടക്കുന്നത്.

******************************************

## HOCKEY INDIA GERMANY

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഹോക്കി പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2 മണിക്കാണ് മത്സരം തുടങ്ങുന്നത്. ഒരു ദശാബ്ദത്തിനു ശേഷം ഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര ഹോക്കി പരമ്പര കാണാൻ ഡിജിറ്റൽ ടിക്കറ്റിംഗ് സംവിധാനത്തിലൂടെ സൗജന്യ പ്രവേശനം ഒരുക്കിയിട്ടുണ്ട്. ഡിഡി സ്പോർട്സിലൂടെയും മത്സരം തത്സമയം കാണാം

******************************************

## REV. IND NZ TEST

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരം നാളെ. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാവിലെ 9.30 നാണ് മത്സരം. മൂന്നു മത്സര പരമ്പരയിൽ ഒരു ജയത്തോടെ ന്യൂസിലൻഡ് മുന്നിലാണ് .

*************************************

## TENNIS VIENNA OPEN

വിയന്ന ഓപ്പൺ ടെന്നിസ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ രോഹൺ ബൊപ്പണ്ണ- ഓസ്ട്രേലിയൻ താരം മാത്യു എബ്ഡൻ സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. ഇന്നലെ നടന്ന 16-ാാം റൗണ്ട് മത്സരങ്ങളിൽ ഡച്ച്- ജർമൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് വിജയം. നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ബൊപ്പണ്ണ- എബ്ഡൻ സഖ്യം യുകെ-ന്യൂസിലാൻറ് സഖ്യത്തോട് ഏറ്റുമുട്ടും.

*************************************

## DUBAI – ANTONY BLINKEN

നയതന്ത്ര ദൗത്യത്തിന്റെ ഭാഗമായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ഇസ്രായേലിലെത്തി. ഗസയിലും ലബനനിലും ഇസ്രായേലിന്റെ സൈനിക നടപടി തുടരുന്ന സാഹചര്യത്തിലാണ് സന്ദർശനം. വെടിനിർത്തൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായും മുതിർന്ന ഉദ്യോഗസ്ഥരുമായും ബ്ലിങ്കെൻ കൂടിക്കാഴ്ച നടത്തും.

*************************************

## REDDY-COAL REVIEW MEETING

പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനൊപ്പം കൽക്കരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കണമെന്ന് കേന്ദ്ര കൽക്കരി മന്ത്രി ജി.കിഷൻ റെഡ്ഡി.

*****************************************************************************************